ആലപ്പുഴ ജില്ലയിലെ നൂറനാട്, ചുനക്കര എന്നീ പഞ്ചായത്തുകളിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിലെ വാർഡുകളുടെ നിർമ്മാണം

152 (3081)ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി ഹെൽത്ത് സെന്ററിനോട് അനുബന്ധമായി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സംഭാവനയായി രോഗികളെ കിടത്തി ചികിൽസിക്കുന്നതിന് പ്രത്യേക വാർഡുകൾ നിർമ്മിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ആലപ്പുഴ ജില്ലയിലെ നൂറനാട്, ചുനക്കര എന്നീ പഞ്ചായത്തുകളിലെ പ്രൈമറി ഹെൽത്ത് സെന്ററുകളിൽ വാർഡുകൾ നിർമ്മിച്ചിട്ടുണ്ടോ;

(സി) എത്ര കാലമായി ഇവയുടെ പണി പൂർത്തീകരിച്ചിട്ട് എന്ന് വെളിപ്പെടുത്തുമോ;

(ഡി) ഇവിടെ രോഗികളെ അഡ്മിറ്റ് ചെയ്ത് ചികിൽസിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(എഫ്) രോഗികളെ അഡ്മിറ്റ് ചെയ്ത് ചികിൽസിക്കുവാൻ വേണ്ടി ഈ വാർഡുകൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എം.പി. ഫണ്ട് ഉപയോഗപ്പെടുത്തിയും, പഞ്ചായത്തിന്റെ സംഭാവന ഉപയോഗപ്പെടുത്തിയും നിർമ്മിച്ച വാർഡുകൾ പല പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും പണി പൂർത്തിയായിട്ടുണ്ട്.

(ബി) ചുനക്കരയിൽ എം.പി. ഫണ്ട് ഉപയോഗിച്ച് 10 കിടക്കകൾ ഉള്ള വാർഡും പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് 6 കിടക്കകൾ ഉള്ള വാർഡും പണിതിട്ടുണ്ട്. നൂറനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഗ്രാമ പഞ്ചായത്തിന്റെ സംഭാവന ഉപയോഗപ്പെടുത്തി 12 കിടക്കകൾ ഉള്ള വാർഡും പണിതിട്ടുണ്ട്.

(സി) ചുനക്കര പി.എച്ച്.സി.യിൽ 10 കിടക്കകൾ ഉള്ള വാർഡ് 1998-ലും 6 കിടക്കകൾ ഉള്ള വാർഡ് 1985-ലും പൂർത്തിയായി. നൂറനാട് പി.എച്ച്.സി.യിലെ 12 കിടക്കകളുള്ള വാർഡിന്റെ പണി 1992-ൽ പൂർത്തീകരിച്ചു.

(ഡി & ഇ) പി.എച്ച്.സി.കളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള സേവനം ഉപയോഗപ്പെടുത്തി രോഗികളെ കിടത്തി ചികിൽസിക്കുവാനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളുള്ളതുകൊണ്ട് ഇവിടെ രോഗികളെ അഡ്മിറ്റ് ചെയ്യുന്നില്ല.

(എഫ്) ഇപ്രകാരം പണി പൂർത്തിയായി കിടക്കുന്ന വാർഡുകൾ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ഈ വർഷത്തെ ബജറ്റിൽ 100 ലക്ഷം രൂപാ വകയിരുത്തിയിട്ടുണ്ട്. ധനലഭ്യതയ്ക്കനുസരണമായി ഈ സ്ഥാപനങ്ങളുടെ സ്റ്റാഫിന്റെ കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly